**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2309** **21-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | നാണ്യവിള തകർച്ചയും ഗൾഫ് പ്രതിസന്ധിയും കോവിഡ് വ്യാപനവും മൂലമുണ്ടായ സാമ്പത്തിക മാന്ദ്യം സംസ്ഥാനത്ത് സൃഷ്ടിച്ച ഗുരുതരമായ സ്ഥിതിവിശേഷം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കോവിഡ് വ്യാപനം ആക്കം കൂട്ടിയ ആഗോള മാന്ദ്യത്തിന്റെയും കൂടാതെ വിദേശ രാജ്യങ്ങൾ ഏർപ്പെടുത്തുന്ന സ്വദേശി വത്ക്കരണത്തിന്റെയും ഭാഗമായി ഗൾഫ് കോ-ഓപ്പറേറ്റീവ് കൗൺസിൽ രാഷ്ട്രങ്ങളിൽ കുടിയേറി തൊഴിൽ ചെയ്തുവരുന്ന പ്രവാസി മലയാളികൾക്ക് വൻതോതിൽ തൊഴിൽ സുരക്ഷിതത്വമില്ലായ്മ നേരിടേണ്ടി വരുന്നു. ഇതിനുപുറമേ ഇത്തരം രാഷ്ട്രങ്ങളിലെ സാമൂഹ്യ രാഷ്ട്രീയ സംഭവവികാസങ്ങൾ പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ കാരണം മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മൂലധനത്തിലും അതിന്റെ പലിശയിലും ഇളവ് അനുവദിച്ചുകൊണ്ട് മടങ്ങിയെത്തുന്ന മലയാളികളുടെ പുനരധിവാസം (NDPREM) എന്ന പദ്ധതി നോർക്ക വകുപ്പ് മുഖേന നടത്തിവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രവാസികൾക്കായി ചുവടെ ചേർക്കുന്ന ആശ്വാസ പദ്ധതികൾ നടപ്പാക്കിയിരുന്നു. 1. കേരള പ്രവാസി കേരളീയ വെൽഫെയർ ഫണ്ട് പ്രവാസി പെൻഷണേഴ്സിന് ഒറ്റ തവണ ധനസഹായമായി 1000/- രൂപ അനുവദിച്ചിരുന്നു. 2. കോവിഡ് 19 പോസിറ്റീവായ കേരള പ്രവാസി കേരളീയ വെൽഫെയർ ഫണ്ട് അംഗങ്ങൾക്ക് അടിയന്തിര ധനസഹായമായി 10000/- രൂപ അനുവദിച്ചിരുന്നു. 3. ലോക്ക്ഡൗൺ കാരണം ജോലിക്ക് തിരികെപ്പോകാൻ കഴിയാത്ത പ്രവാസികൾക്ക് 5000/- രൂപ അടിയന്തിര സഹായമായി അനുവദിച്ചിരുന്നു. 4. സാന്ത്വനപദ്ധതിയിൽ കോവിഡ് 19 -നെ കൂടി ഉൾപ്പെടുത്തി പ്രവാസികൾക്ക് 10000/- രൂപ ധനസഹായം അനുവദിച്ചിരുന്നു. കേരളത്തിന്റെ കാർഷിക അടിത്തറയായ പ്രധാന വിളകൾ കയറ്റുമതിയുമായി ബന്ധപ്പെട്ടതായതിനാൽ ആഗോള |

| | | | |
|---|---|---|---|
| | | | സമ്പദ്ഘടനയിൽ ഇവയുണ്ടാകുന്ന വില വ്യത്യാസങ്ങൾ നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്നു. പരമാവധി ഉല്പാദന ക്ഷമത, ലാഭം, പാരിസ്ഥിതിക സന്തുലിതാവസ്ഥ എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര കാർഷിക വികസനത്തിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. ആയതിനാൽ, ആഭ്യന്തര മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ നയങ്ങൾ സംസ്ഥാന സർക്കാർ രൂപീകരിച്ചുവരുന്നു. നാണ്യ വിളകളുടെ വിലത്തകർച്ചയും സാമ്പത്തിക പ്രതിസന്ധിയും നേരിടുന്നതിന്റെ ഭാഗമായി ഭക്ഷ്യവിളകൾക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | കോവിഡ് വ്യാപനം ആക്കം കൂട്ടിയ ആഗോള മാന്ദ്യത്തിന്റെയും കൂടാതെ വിദേശ രാജ്യങ്ങൾ ഏർപ്പെടുത്തുന്ന സ്വദേശി വത്ക്കരണത്തിന്റെയും ഭാഗമായി ഗൾഫ് കോ-ഓപ്പറേറ്റീവ് കൗൺസിൽ രാഷ്ട്രങ്ങളിൽ കുടിയേറി തൊഴിൽ ചെയ്തുവരുന്ന പ്രവാസി മലയാളികൾക്ക് വൻതോതിൽ തൊഴിൽ സുരക്ഷിതത്വമില്ലായ്മ നേരിടേണ്ടി വരുന്നു. ഇതിനുപുറമേ ഇത്തരം രാഷ്ട്രങ്ങളിലെ സാമൂഹ്യ രാഷ്ട്രീയ സംഭവവികാസങ്ങൾ പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ കാരണം മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മൂലധനത്തിലും അതിന്റെ പലിശയിലും ഇളവ് അനുവദിച്ചുകൊണ്ട് മടങ്ങിയെത്തുന്ന മലയാളികളുടെ പുനരധിവാസം (NDPREM) എന്ന പദ്ധതി നോർക്ക വകുപ്പ് മുഖേന നടത്തിവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രവാസികൾക്കായി ചുവടെ ചേർക്കുന്ന ആശ്വാസ പദ്ധതികൾ നടപ്പാക്കിയിരുന്നു. 1. കേരള പ്രവാസി കേരളീയ വെൽഫെയർ ഫണ്ട് പ്രവാസി പെൻഷണേഴ്സിന് ഒറ്റ തവണ ധനസഹായമായി 1000/- രൂപ അനുവദിച്ചിരുന്നു. 2. കോവിഡ് 19 പോസിറ്റീവായ കേരള പ്രവാസി കേരളീയ വെൽഫെയർ ഫണ്ട് അംഗങ്ങൾക്ക് അടിയന്തിര ധനസഹായമായി 10000/- രൂപ അനുവദിച്ചിരുന്നു. 3. ലോക്ക്ഡൗൺ കാരണം ജോലിക്ക് തിരികെപ്പോകാൻ കഴിയാത്ത പ്രവാസികൾക്ക് 5000/- രൂപ അടിയന്തിര സഹായമായി അനുവദിച്ചിരുന്നു. 4. സാന്ത്വനപദ്ധതിയിൽ കോവിഡ് 19 -നെ കൂടി ഉൾപ്പെടുത്തി പ്രവാസികൾക്ക് 10000/- രൂപ ധനസഹായം അനുവദിച്ചിരുന്നു. കേരളത്തിന്റെ കാർഷിക അടിത്തറയായ പ്രധാന വിളകൾ കയറ്റുമതിയുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ടതായതിനാൽ ആഗോള സമ്പദ്ഘടനയിൽ ഇവയ്ക്കുണ്ടാകുന്ന വില വ്യത്യാസങ്ങൾ നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്നു. പരമാവധി ഉല്പാദന ക്ഷമത, ലാഭം, പാരിസ്ഥിതിക സന്തുലിതാവസ്ഥ എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര കാർഷിക വികസനത്തിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. ആയതിനാൽ, ആഭ്യന്തര മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ നയങ്ങൾ സംസ്ഥാന സർക്കാർ രൂപീകരിച്ചുവരുന്നു. നാണ്യ വിളകളുടെ വിലത്തകർച്ചയും സാമ്പത്തിക പ്രതിസന്ധിയും നേരിടുന്നതിന്റെ ഭാഗമായി ഭക്ഷ്യവിളകൾക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | കിഫ്ബിയിലൂടെ അല്ലാതെ സംസ്ഥാന വികസനം സാധ്യമാകില്ല എന്ന കാഴ്ചപ്പാട് സർക്കാരിനുണ്ടോ;വ്യക്തമാക്കുമോ; | (സി) | നിലവിലെ സാമ്പത്തിക അവസ്ഥയിൽ സർക്കാരിന്റെ ദൈനംദിന ചെലവുകൾക്ക് ശേഷം മൂലധന നിക്ഷേപത്തിനായി മതിയായ തുക മാറ്റിവെക്കുവാൻ കഴിയാനാവാത്ത സാഹചര്യമുണ്ട്. അടിസ്ഥാനസൗകര്യ വികസനം എന്നത് ഒരു സംസ്ഥാനത്തിന്റെ വികസനത്തിന് സംബന്ധിച്ച് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയിൽ നിർണ്ണായകമായ പങ്ക് ഈ മേഖലയിലെ പുരോഗതിക്കുണ്ട്. നിലവിലുള്ള വായ്പ നിയന്ത്രണങ്ങൾ സർക്കാരിന് ഈ അടിസ്ഥാന സൗകര്യ നിക്ഷേപ മേഖലയിൽ ആവശ്യമായ ഭീമമായ ധനസമാഹരണത്തിന് വിലങ്ങുതടിയാണ്. ഈ സാഹചര്യത്തിലാണ് അടിസ്ഥാന സൗകര്യ വികസന മേഖലയിലെ ധനസമാഹരണത്തിനു നവീനമായ ഒരു ആശയം കിഫ്ബിയിലൂടെ ഉണ്ടായത്. റിസർവ്വ് ബാങ്കും സെബിയും അംഗീകരിക്കുന്ന നൂതന ധനോപാധികളിലൂടെ പണം കണ്ടെത്തി 60000 കോടിയോളം രൂപ വരുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് കിഫ്ബി ചാലക ശക്തിയാകുന്നത്. 'കൺട്രോൾഡ് ലെവറെജിങ്'മാതൃകയിൽ കൃത്യമായ ധനാഗമവും അവയുടെ തിരിച്ചടവും ഉറപ്പുവരുത്തി ഇടമുറിയാതെയുള്ള വികസനമാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. ശാസ്ത്രീയമായ ഈ മാതൃക തമിഴ്നാട്, കർണ്ണാടക, പഞ്ചാബ് തുടങ്ങി മറ്റ സംസ്ഥാനങ്ങളും സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ വികസനത്തിനു നിർണ്ണായകമായ പങ്ക് കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ട് എന്ന് നിസംശയം പറയാം. |

| | | | |
|---|---|---|---|
| (ഡി) | കിഫ്ബി പദ്ധതികളിൽ ഇരുപതിനായിരം കോടി രൂപ 2020-21 ൽ ചെലവിടുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഈ സാമ്പത്തിക വർഷം ഡിസംബർ 31-വരെ കിഫ്ബി എന്ത് തുകയാണ് ചെലവഴിച്ചതെന്നറിയിക്കാമോ? | (ഡി) | കോവിഡ് പ്രതിസന്ധികൾ മറ്റ് ഏത് മേഖലയിലുമെന്നപോലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയും കാര്യമായി ബാധിച്ചിരുന്നു. ഇത് കിഫ്ബി മുഖേനയുള്ള പ്രവർത്തങ്ങളെയും ബാധിച്ചിരുന്നെങ്കിലും അവയെല്ലാം വളരെ പെട്ടെന്നു തന്നെ പുനരാരംഭിക്കുവാൻ സാധിച്ചു. നിലവിൽ 17,012 കോടി രൂപയുടെ പദ്ധതികൾ ടെന്റർ പൂർത്തിയാക്കിയിട്ടുണ്ട്. 15869 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. 31 ഡിസംബർ 2020 വരെ 6837 കോടി രൂപ പദ്ധതികൾക്കായി കിഫ്ബി ചെലവഴിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ